പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ;

(സി) കൊണ്ടോട്ടി പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ മുകൾനില പണിയുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കൊണ്ടോട്ടി ഗവൺമെന്റ് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ചാലിയപ്രം ഗവൺമെന്റ് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) കൊണ്ടോട്ടി പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ മുകൾനില പണിയുന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്

308(3195) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന "ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്"-ന്റെ പ്രവർത്തനം ഏതു ഘട്ടം വരെയായി; വ്യക്തമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പദ്ധതി പ്രകാരം ഓരോ ജില്ലയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു മെഗാപദ്ധതി നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 21 പദ്ധതികൾ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിന് 10-6-2015-ലെ സ.ഉ.(സാധാ)നമ്പർ 801/15/പൊ.മ.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളിൽ ഉൾപ്പെടുന്ന 10 പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കുകയും അവയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരികയുമാണ്.

(സി) പദ്ധതി പ്രകാരം ഓരോ ജില്ലയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ദേശീയപാതകളുടെ വികസനം

309(3196) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷമായി ചെലവഴിച്ച തുക എത്രയെന്നും ഈ തുക മുഴുവൻ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ ദേശീയപാതകൾ ഏതൊക്കെയെന്നും ഈ പാതകൾക്കായി കഴിഞ്ഞ 5 വർഷമായി ചെലവഴിച്ച തുകയും പ്രത്യേകം വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ദേശീയ പാതകളാണ് നാലുവരിപാതകൾ ആക്കുന്നതെന്നും ഓരോന്നിനും ചെലവഴിക്കുന്ന തുക എത്രയെന്നും പദ്ധതി പുരോഗതി എത്രയെന്നും ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷം 1095.18 കോടി രൂപ ചെലവഴിച്ചു. ഇതിൽ കേന്ദ്ര സർക്കാരിന്റെ പേ ആന്റ് അക്കൗണ്ട് ഓഫീസർ നിരസിച്ച 68.10 കോടി രൂപയും സി.ആർ.എഫിൽ നിന്നും ലഭിക്കാനുള്ള 98.05 കോടി രൂപയും ഒഴികെയുള്ള തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചു.

(ബി) സംസ്ഥാനത്തെ ദേശീയപാതകൾ എൻ.എച്ച്.17, എൻ.എച്ച്.47, എൻ.എച്ച്.49, എൻ.എച്ച്.208, എൻ.എച്ച്.212 എൻ.എച്ച്.213, എൻ.എച്ച്.220, എന്നിവയാണ് ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷമായി 1095.18 കോടി രൂപ ചെലവഴിച്ചു.

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയ പാതകളായ എൻ.എച്ച്.17, എൻ.എച്ച്.47 എന്നിവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നത് കേന്ദ്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly